**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 274** **23-08-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ അങ്കണവാടിയുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ നിലവിലുള്ള 13/50 നമ്പർ അങ്കണവാടി പുനർനിർമ്മാണ അനുമതിക്കായി 11.12.2020 തീയതിയിലെ ബി4/136/2020 നമ്പർ കത്ത്പ്രകാരം സമർപ്പിച്ച അപേക്ഷയിൽ അനുമതി ലഭ്യമാക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | (എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ പ്രവർത്തിക്കുന്ന 13/50 നമ്പർ അങ്കണവാടി കെട്ടിടം (ICDS AWC No.87) പുനർനിർമ്മിക്കുന്നതിനായി ബഹു. വൈപ്പിൻ എം.എൽ.എ മുഖാന്തിരം അപേക്ഷ വനിതാ ശിശു വികസന കാര്യാലയത്തിൽ ലഭിച്ചിരുന്നു. ടി അങ്കണവാടിയ്ക്ക് ലഭ്യമായ സ്ഥലം CRZ (Coastal Regulation Zone) പരിധിയിൽ ആയതിനാൽ കെട്ടിടം നിർമ്മിക്കുന്നതിന് KCZMA (Kerala Coastal Zone Management Authority)-യുടെ അനുമതി ആവശ്യമാണ്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി KCZMA-യുടെ അനുമതിയും വകുപ്പ് വിഹിതത്തിന് പുറമെയുള്ള LSGD വിഹിതം വകയിരുത്തി ഭരണസമിതി തീരുമാനവും ലഭ്യമാക്കുന്ന മുറയ്ക്ക് വകുപ്പിന്റെ കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത അങ്കണവാടി പുനർനിർമ്മാണത്തിന് എത്രയും വേഗം അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | (ബി) വൈപ്പിൻ നിയോജക മണ്ഡലത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ പ്രവർത്തിക്കുന്ന 13/50 നമ്പർ അങ്കണവാടി കെട്ടിടം (ICDS AWC No.87) പുനർനിർമ്മിക്കുന്നതിനായി ബഹു. വൈപ്പിൻ എം.എൽ.എ മുഖാന്തിരം അപേക്ഷ വനിതാ ശിശു വികസന കാര്യാലയത്തിൽ ലഭിച്ചിരുന്നു. ടി അങ്കണവാടിയ്ക്ക് ലഭ്യമായ സ്ഥലം CRZ (Coastal Regulation Zone) പരിധിയിൽ ആയതിനാൽ കെട്ടിടം നിർമ്മിക്കുന്നതിന് KCZMA (Kerala Coastal Zone Management Authority)-യുടെ അനുമതി ആവശ്യമാണ്. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത അങ്കണവാടിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി KCZMA-യുടെ അനുമതിയും |

| | | | |
|---|---|---|---|
| | | | വകുപ്പ് വിഹിതത്തിന് പുറമെയുള്ള LSGD വിഹിതം വകയിരുത്തി ഭരണസമിതി തീരുമാനവും ലഭ്യമാക്കുന്ന മുറയ്ക്ക് വകുപ്പിന്റെ കെട്ടിട നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | (സി) അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ